(ഡി) 98-99 ൽ കൃഷ്ണൻ നായർക്ക് ആറായിരം രൂപയും വാർഡ് നായി ജോലി ചെയ്യുന്ന ജീവനക്കാരന് സഹായധനമായി 5000 (അയ്യായിരം) രൂപയും അഡ്വാൻസ് ആയി 5000/- രൂപയും (അയ്യായിരം രൂപ മാത്രം) നൽകി. 1999-2000 വർഷത്തിൽ സെക്യൂരിറ്റി ജീവനക്കാരന് അഡ്വാൻസായി 5000/- രൂപ നൽകിയിട്ടുണ്ട്.

27 (1241) ജീവനക്കാർക്കുള്ള പെൻഷൻ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാദമി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്രപേർ വീതം ജോലി ചെയ്യുന്നു;

(ബി) ഓരോ സ്ഥാപനത്തിലും പ്രതിവർഷം എന്ത് തുക വീതം ശമ്പളയിനത്തിൽ നൽകുന്നുണ്ട്;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയാൽ പ്രതിവർഷം എന്തു തുക നൽകേണ്ടിവരും;

(ഡി) പെൻഷൻ നൽകാമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ശേഷം നൽകാതിരുന്നതിനുള്ള കാരണമെന്ത്;

(ഇ) എന്ന് മുതൽ പെൻഷൻ നൽകാനാണ് സർക്കാർ തീരുമാനിക്കുന്നത്?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലും കൂടി 127, സാഹിത്യ അക്കാദമിയിൽ 25, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 32, സംഗീതനാടക അക്കാദമിയിൽ 26, ലളിതകലാ അക്കാദമിയിൽ 15-ഉം ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിനും കൂടി 1,23,75,068 രൂപ, സാഹിത്യ അക്കാദമിക്ക് 15,65,656/- രൂപ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 31,55,380/- രൂപ, സംഗീത നാടക അക്കാദമിക്ക് 13,37,323 രൂപ, ലളിത കലാ അക്കാദമിക്ക് 9,09,326 രൂപയും ശമ്പളയിനത്തിൽ പ്രതിവർഷം നൽകുന്നുണ്ട്.

(സി) പെൻഷൻ ഘടന എപ്രകാരമെന്ന് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ കൃത്യമായി എന്ത് തുക നൽകേണ്ടിവരും എന്ന് ഇപ്പോൾ തിട്ടപ്പെടുത്തുവാനാവില്ല.

(ഡി)&(ഇ) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ തീരുമാനം അധികം വൈകാതെ ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly